## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4890 — 21.10.2011 -ൽ മറുപടിയ്ക്ക്

### വനവിഭവങ്ങൾ റീട്ടെയിൽ ഔട്ട്ലറ്റുകൾ വഴി വിപണനം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) സ്വാഭാവിക വനവിഭവങ്ങൾ ശേഖരിച്ച് സർക്കാർ റീട്ടെയിൽ ഔട്ട്ലെറ്റുകളിലൂടെ വിപണനം നടത്തുന്നതിനുള്ള വിപുലമായ സാദ്ധ്യതയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | എ) സ്വാഭാവിക വനങ്ങളിൽ നിന്ന് അംഗീകൃത വർക്കിംഗ് പ്ലാൻ അനുസരിച്ച് ശേഖരിക്കുന്ന തടിക്കഷ്ണങ്ങൾ സർക്കാർ തടി ഡിപ്പോകളിൽ എത്തിച്ച് ലേലം നടത്തി വരുന്നു. 2006-ലെ വനാവകാശ നിയമപ്രകാരം ചെറുകിട വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന്റെ പൊതു അവകാശമാണ്. തടിയേതര വനവിഭവങ്ങൾ ആദിവാസി വന സംരക്ഷണ സമിതികൾ വഴി ശാസ്ത്രീയമായി ശേഖരിച്ച് മൂല്യവർദ്ധനവ് നടത്തി വനശ്രീ എന്ന ബ്രാൻഡിൽ റീട്ടയിൽ വിൽപ്പന നടത്തി വരുന്നു. ഇതിനായി സംസ്ഥാനത്ത് 13 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ബി) ആദിവാസികളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഇത്തരം പദ്ധതികളിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്തി കൊണ്ടുവരാൻ സാധിക്കുമെന്നു കരുതുന്നുണ്ടോ; | ബി) ഉണ്ട്. ആദിവാസികളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചെറുകിട വന വിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധന, വനശ്രീ മുഖേനയുള്ള വിപണനം എന്നിവ അവരുടെ ജീവിതനിലവാരം ഉയർത്തി കൊണ്ടുവരാൻ സാധിക്കുമെന്നു കരുതുന്നു. |
| സി) എങ്കിൽ ഈ വിഷയത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | സി) ആദിവാസി വന സംരക്ഷണ സമിതികൾ വഴി ശാസ്ത്രീയമായി ശേഖരിച്ച് മൂല്യവർദ്ധനവ് നടത്തി ലഭിക്കുന്ന ചെറുകിട വനവിഭവങ്ങൾ വനശ്രീ എന്ന ബ്രാൻഡിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഉള്ള വനശ്രീ ഇക്കോ ഷോപ്പുകൾ |

3 കോന്നി, പത്തനംതിട്ട

4 കൊമ്മാടി, ആലപ്പുഴ

5 ചാലക്കുടി, തൃശ്ശൂർ

6 മലമ്പുഴ, പാലക്കാട്

7 പറമ്പിക്കുളം, പാലക്കാട്

8 നെയ്യാർ, തിരുവനന്തപുരം

9 മുക്കാലി, (സൈലന്റ് വാലി) പാലക്കാട്

10 പാലരുവി (തെൻമല), കൊല്ലം

11 പാണേലിപ്പോർ(മലയാറ്റൂർ), എറണാകുളം

12 മുത്തങ്ങ, വയനാട്

13 ആതിരപ്പള്ളി, തൃശ്ശൂർ

ഇത്തരത്തിൽ വനശ്രീ യൂണിറ്റുകൾ വഴി ചെറുകിട വന വിഭവങ്ങൾ വിൽപ്പന നടത്തുന്നതുമൂലം അവ ശേഖരിച്ച് മുല്യവർദ്ധനവ് നടത്തുന്ന ആദിവാസികൾക്ക് മുൻപ് ലഭിക്കുന്നതിനേക്കാൾ കൂടുതൽ വില ലഭിക്കുന്നുണ്ട്. നിലവിലുള്ള വനശ്രീ യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിനും ഒരു മൊബൈൽ യൂണിറ്റ് തുടങ്ങുവാനും ഉള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.

സെക്ഷൻ ഓഫീസർ